# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 7019 — 11.07.2014-ലെ മറുപടിക്ക്

## പെൻഷനും മറ്റ് സർവ്വീസ് ആനുകൂല്യങ്ങളും ലഭിക്കുന്നതിനു വേണ്ടി ശ്രീമതി. പി.കെ.അമ്മിണി സമർപ്പിച്ച അപേക്ഷ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബി.ഡി.ദേവസ്സി | ശ്രീ. പി.കെ. അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) തൃശ്ശൂർ ജില്ലയിലെ വെള്ളിക്കുളങ്ങര ജൂനിയർ ബേസിക് സ്കൂളിൽ ഹെഡ്മാസ്റ്ററായി ജോലി ചെയ്തുകൊണ്ടിരിക്കെ 02.09.1978-ൽ കാണാതാവുകയും ഇന്നുവരെ കണ്ടെത്താൻ കഴിയാത്തതുമായ ശ്രീ. റ്റി.എ. ആൻഡ്രൂസ്, താഴത്തുവീട്ടിൽ, പേരാമ്പ്ര. പി.ഒ, കൊടകരയുടെ പെൻഷനും മറ്റ് സർവ്വീസ് ആനുകൂല്യങ്ങളും ലഭിക്കുന്നതിനുവേണ്ടി ടിയാന്റെ ഭാര്യ ശ്രീമതി. പി.കെ. അമ്മിണി സമർപ്പിച്ചിട്ടുള്ള അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) പ്രസ്തുത അപേക്ഷയിൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; | (ബി) പ്രസ്തുത അപേക്ഷ വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പരിഗണനയോടെ ധനകാര്യ വകുപ്പിന്റെ അഭിപ്രായ പ്രകാരം 02.12.87 ലെ G.O. (P) 1028/87/ധന ഉത്തരവു പ്രകാരമുള്ള Indeminity Bond, Form 6-ലുള്ള അപേക്ഷ, അപേക്ഷകയുടെ ഡിസ്കിപ്ലിനറി റോൾ എന്നിവ ലഭ്യമാക്കുവാൻ ചാലക്കുടി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറോട് ആവശ്യപ്പെട്ടിരിക്കുകയാണ്. |
| (സി) പ്രസ്തുത അപേക്ഷ പരിഗണിച്ച് ആനുകൂല്യങ്ങൾ അനുവദിച്ചു നൽകുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ? | (സി) അപേക്ഷ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ